മാതൃഭൂമി

03 June 2018

# ചെറുമീൻ പിടിത്തം: സംസ്ഥാനത്തിന് 221 കോടി രൂപ നഷ്ടമെന്ന് സി.എം.എഫ്.ആർ.ഐ.

**കൊച്ചി** ▸ അനിയന്ത്രിതമായി ചെറുമീനുകളെ പിടിച്ചതുകൊണ്ട് മാത്രം 221 കോടി രൂപയാണ് സംസ്ഥാനത്തിന്റെ മത്സ്യമേഖലയ്ക്കുണ്ടായ നഷ്ടമെന്ന് കേന്ദ്ര സമുദ്ര മത്സ്യ ഗവേഷണ സ്ഥാപനത്തിന്റെ (സി.എം.എഫ്.ആർ.ഐ.) പഠനം. കഴിഞ്ഞ വർഷം ഏറ്റവും കൂടുതൽ ചെറുമീനുകൾ പിടിച്ചത് കിളിമീനിന്റേതാണ്.

സി.എം.എഫ്.ആർ.ഐയിൽ നടന്ന ഗുണഭോക്തൃ ശില്പശാലയിൽ പദ്ധതിയുടെ മുഖ്യഗവേഷകനായ ഡോ. ടി.എം. നജ്മുദ്ദീനാണ് പഠനഫലങ്ങൾ അവതരിപ്പിച്ചത്.

എൽനിനോയെ തുടർന്ന് കാലാവസ്ഥയിലുണ്ടായ പ്രതികൂല സാഹചര്യത്തിൽ മത്തിയുടെ പ്രജനനത്തിൽ കുറവ് വരികയും വളർച്ചയിൽ മുരടിപ്പ് സംഭവിക്കുകയും ചെയ്തെന്ന് അദ്ദേഹം പറഞ്ഞു.

എന്നാൽ, മത്തിയുടെ ലഭ്യതയിൽ കഴിഞ്ഞ വർഷം (2017) മുൻ വർഷത്തേക്കാൾ 176 ശതമാനം വർധന ഉണ്ടായിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു.

ചെറുമീനുകളെ വൻതോ

തിൽ പിടിക്കുന്നതുമൂലം, മത്സ്യത്തിന്റെ മൊത്ത ലഭ്യത, ഉത്പാദനം, വംശസംഖ്യാ വർധന, പ്രജനനം എന്നിവ താളം തെറ്റുന്നതായും സി.എം.എഫ്.ആർ.ഐ. പഠനം വ്യക്തമാക്കുന്നു.

മത്സ്യത്തൊഴിലാളികൾ, ട്രേഡ് യൂണിയൻ പ്രതിനിധികൾ, സമുദ്രഭക്ഷ്യോത്പന്ന കയറ്റുമതി വിതരണക്കാർ, വൈൽഡ് ലൈഫ് ട്രസ്റ്റ് ഓഫ് ഇന്ത്യ പ്രതിനിധികൾ,

ഫിഷറീസ് വകുപ്പ് ഉദ്യോഗസ്ഥർ എന്നിവരാണ് ശില്പശാലയിൽ സംബന്ധിച്ചത്. സി.എം.എഫ്.ആർ.ഐ. കഴിഞ്ഞ വർഷം നടത്തിയ ഗവേഷണ ഫലങ്ങൾ ചർച്ച ചെയ്യുന്നതിനായിരുന്നു സംയുക്ത യോഗം.

ചെറുമീനുകളെ പിടിക്കുന്നത് തടയുന്നതിന് കേരളത്തിന്റെ മാതൃകയിൽ മറ്റ് സംസ്ഥാനങ്ങളിലും നിയമം കൊണ്ടുവരണമെന്ന് മത്സ്യത്തൊഴിലാളികൾ ആവശ്യപ്പെട്ടു.മീൻപിടിത്തത്തിൽ ഏർപ്പെടുത്തുന്ന നിയന്ത്രണങ്ങൾ ദേശീയതലത്തിൽ ഒരുപോലെ നടത്തിയാൽ മാത്രമേ ഫലപ്രദമാകൂവെന്നും യോഗത്തിൽ അഭിപ്രായപ്പെട്ടു.

ഡോ ടി.വി. സത്യാനന്ദൻ, ഡോ. കെ. സുനിൽ മുഹമ്മദ്, ഡോ. പി.യു. സക്കറിയ, ഡോ. എൻ. അശ്വതി, എസ്. മഹേഷ്, ചാൾസ് ജോർജ്, ജോസഫ് സേവിയർ കളപ്പുരയ്ക്കൽ തുടങ്ങിയവർ സംസാരിച്ചു. ചർച്ചയിൽ ഡോ. ശ്യാം എസ്. സലീം മോഡറേറ്ററായിരുന്നു.